**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6323** **20-03-2023 - ൽ മറുപടിയ്ക്ക്**

**എസ്.ടി. പ്രമോട്ടർമാർക്ക് റിസ്ക് അലവൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രമോട്ടർമാർക്ക് പ്രതിമാസം നൽകി വരുന്ന പ്രതിഫലം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ സേവനമനുഷ്ഠിക്കുന്ന പ്രൊമോട്ടർമാർക്ക് പ്രതിമാസം ഹോണറേറിയം ഇനത്തിൽ 12,500/-രൂപയും, യാത്രാബത്ത ഇനത്തിൽ 1,000/-രൂപയുമാണ് അനുവദിക്കുന്നത്. |
| (ബി) | ഇത് അവസാനമായി പരിഷ്ക്കരിച്ചത് എന്നാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ഹോണറേറിയം അവസാനമായി പരിഷ്കരിച്ചത് 25/11/2019-ലെ സ.ഉ(സാധാ)നം.1294/2019/പജപവവിവ നമ്പർ ഉത്തരവ് പ്രകാരമാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ദുർഘട പ്രദേശങ്ങളിലും വനത്തിനുള്ളിലും സേവനം അനുഷ്ഠിക്കുന്ന പ്രമോട്ടർമാർക്ക് നിലവിലുള്ള പ്രതിഫലത്തിന് പുറമെ നിശ്ചിത തുക റിസ്ക് അലവൻസ് നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | നിലവിൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്ക് യാത്രാബത്ത ഇനത്തിൽ പ്രതിമാസം 1,000/-രൂപ അനുവദിച്ച് നൽകുന്നുണ്ട്. റിസ്ക് അലവൻസ് അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്- പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എസ്.ടി പ്രൊമോട്ടർമാരുടെ ഓണറേറിയം 12,500/-രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.1294/2019/പ.ജ.പ.വ.വി.വ തീയതി,തിരുവനന്തപുരം, 25/11/2019

---

പരാമർശം:- 1 സ.ഉ.(എം.എസ്)നം.9/2016/പജ.പവ.വിവ തീയതി 30.01.2016.

2 പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ

05.10.2019-ലെഎഫ് 2-1059/2018 നമ്പർ കത്ത്

**ഉത്തരവ്**

പട്ടികവർഗ്ഗ വികസന വകുപ്പിൽ പ്രവൃത്തിയെടുക്കുന്ന പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ഓണറേറിയം പ്രതിമാസം 9,000/-രൂപയായി നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന പ്രൊമോട്ടർമാർ സാമ്പത്തികമായും സാമൂഹികമായും വളരെയധികം ക്ലേശങ്ങൾ അഭിമുഖീകരിക്കുന്നവരും ദുർഘട പ്രദേശങ്ങളിലെ സെറ്റിൽമെന്റുകളിൽ താമസിച്ചു വരുന്നവരുമാണെന്നും, നിലവിലുള്ള ജീവിത സാഹചര്യമനുസരിച്ച് ഇപ്പോൾ നൽകി വരുന്ന ഓണറേറിയം തികച്ചും അപര്യാപ്തമാണെന്നും ആയതിനാൽ ഇവരുടെ ഓണറേറിയം 9,000/-രൂപയിൽ നിന്നും 12,500/-രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകണമെന്നും ഇതിലേക്കാവശ്യമായ തുക 2225-02-102-89-(1) പ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിൽ പ്രവൃത്തിയെടുക്കുന്ന പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ഓണറേറിയം 2019 നവംബർ ഒന്ന് പ്രാബല്യത്തിൽ 12,500/-രൂപയായി (പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു തങ്കച്ചി.എം.കെ
അഡീഷണല് സെക്രട്ടറി

പകർപ്പ്

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം.
3. ധനകാര്യവകുപ്പ് (WW-WW3/123/2019-FIN തീയതി 04/11/2019 )
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി/ഐ & പി.ആർ.ഡി

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by MANOJ P
Date: 2019.11.26 15:35:49 IST
Reason: Approved

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ